بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 13.01.2023

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

## ബദ്‌രി സ്വഹാബാക്കളുടെ പരാമർശങ്ങളിലെ തുടർച്ച

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطَانِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِکِ يَوۡمِ الدِّيۡنِ ○ اِيَّاکَ

نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ

عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

കഴിഞ്ഞ ഖുത്ബയിൽ പറഞ്ഞതുപോലെ, ചില സ്വഹാബികളുടെ പരാമർശത്തിൽ വിട്ടുപോയ ചില ഭാഗങ്ങൾ പറയുന്നതാണ്. ഇന്ന് ആദ്യം പറയുന്നത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ عبداللہ بن جحشؓ കുറിച്ചാണ്. ബനൂ അസദ് ഗോത്രത്തിൽ പെട്ടയാളായിരുന്ന അദ്ദേഹത്തിന് ഇടത്തരം ഉയരവും വളരെ കട്ടിയുള്ള മുടിയും ഉണ്ടായിരുന്നു. ഒരു സൈനീകനീക്കത്തിന്റെ വേളയിൽ അദ്ദേഹത്തെ അമീറായി നിയമിച്ചുകൊണ്ട് അല്ലാഹുവിന്റെ റസൂൽ(സ) സ്വഹാബികളോട് പറഞ്ഞു: നിങ്ങളെക്കാൾ മികച്ചതല്ലെങ്കിലും, വിശപ്പും ദാഹവും സഹിക്കുന്നതിൽ നിങ്ങളെക്കാൾ ശക്തനായ ഒരാളെയാണ് ഞാൻ അമീറായി നിയമിക്കുന്നത്. ഒരു നിവേദനമനുസരിച്ച്, ഇസ്‌ലാമിൽ പതാകയുടെ ആരംഭം ഹദ്റത്ത് അബ്ദുല്ല ബിൻ ജഹ്ശിലൂടെയായിരുന്നു. കൂടാതെ ആദ്യമായി യുദ്ധമുതൽ വിതരണം ചെയ്തതും അദ്ദേഹമായിരുന്നു. ഹദ്റത്ത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ്, അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ നേതൃത്വത്തിലുള്ള ഒരു ദൗത്യത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: (വിവരങ്ങൾ അന്വേഷിക്കാനായി മാത്രം അയക്കപ്പെട്ടിരുന്ന) മുസ്‌ലിംകളുടെ ഈ സൈന്യം പുണ്യമാസത്തിൽ യുദ്ധം ചെയ്യാൻ നിർബന്ധിതരായി. ഈ വാർത്ത അറിഞ്ഞപ്പോൾ നബി(സ) വളരെ രോഷാകുലനായികൊണ്ട് പറഞ്ഞു. യുദ്ധം ചെയ്യാൻ ഞാൻ നിങ്ങൾക്ക് അനുവാദം നൽകിയിരുന്നില്ല. അതിൽ അബ്ദുല്ലാഹ് ബിൻ ജഹ്ശും ഒപ്പമുണ്ടായിരുന്നവരും വളരേയധികം ഖേദിക്കുകയുണ്ടായി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ വാൾ ഉഹുദ് ദിനത്തിൽ തകർന്നിരുന്നു. ഒരു ഈന്തപ്പനക്കൊമ്പ് തിരുനബി(സ) അദ്ദേഹത്തിന് കൊടുത്തു. അത് അദ്ദേഹത്തിന്റെ കയ്യിൽ ഒരു വാൾ പോലെ ആയിരുന്നു. അന്നു മുതൽ അദ്ദേഹം ഉർജൂൻ എന്നറിയപ്പെടാൻ തുടങ്ങി. അബു നഈം പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശ് തന്റെ നാഥനോട് സത്യം ചെയ്യുന്ന ആളും, തന്റെ ഹൃദയത്തിൽ ദൈവസ്നേഹം കുടിയിരുത്തിയയാളും ഇസ്‌ലാമിക പതാക ആദ്യമായി സ്ഥാപിച്ചയാളുമായിരുന്നു.

ഹദ്റത്ത് ഇമാം ശഅ്ബി, امام شعبی ബനൂഅസദിന്റെ ആറ് മേന്മകൾ ഒരിക്കൽ വിവരിച്ചതിൽ മൂന്നാമത്തേതായി പറഞ്ഞത്, ഇസ്‌ലാമിലെ ആദ്യത്തെ പതാക നൽകിയത്, ബനൂഅസദിലെ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനായിരുന്നു. കൂടാതെ ബനൂഅസദിലെ നാലാമത്തെ സവിശേഷത, സമരാർജിതസ്വത്ത് ആദ്യമായി വിതരണം ചെയ്തതും അബ്ദുല്ലാഹ് ബിൻ ജഹ്ശായിരുന്നു. അബ്ദുല്ലാഹ് ബിൻ ജഹ്ശ് ഉഹ്ദ് ദിനത്തിൽ ശഹീദായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന ഹദ്റത്ത് സൈനബ് ബിൻത് ഖസീമയെ തിരുനബി(സ) വിവാഹം കഴിച്ചു.

അടുത്ത പരാമർശം ഹദ്റത്ത് സ്വാലിഹ് ശഖ്റാനെ صالح شقران കുറിച്ചാണ്. ചിലരുടെ അഭിപ്രായത്തിൽ, ഹദ്റത്ത് ശക്റാനും ഉമ്മു അയ്മനും നബി(സ)ന് തന്റെ പിതാവിൽനിന്ന് അനന്തരാവകാശമായി ലഭിച്ച (അടിമകൾ) ആണ്. ബദർ യുദ്ധത്തിനുശേഷം നബി(സ) അവരെ മോചിപ്പിച്ചു. തിരുനബി(സ)യുടെ വഫാത്തിനുശേഷം തിരുനബിയെ കുളിപ്പിക്കാൻ ഭാഗ്യം ലഭിച്ചവരിൽ ഹദ്റത്ത് സ്വാലിഹ് ശഖ്റാനും ഉണ്ടായിരുന്നു. ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് ഉമർ(റ) ശഖ്റാന്റെ മകനെ ഹദ്റത്ത് അബൂമൂസാ അശ്അരിയുടെ അടുത്തേക്ക് അയച്ചുകൊണ്ട് എഴുതി, ഞാൻ ഒരു നല്ല മനുഷ്യനെ നിങ്ങളുടെ അടുത്തേക്ക് അയയ്ക്കുന്നു, അല്ലാഹുവിന്റെ റസൂലിന്റെ പക്കൽ ഇദ്ദേഹത്തിന്റെ പിതാവിനുണ്ടായിരുന്ന സ്ഥാനത്തിനനുസരിച്ച് ഇദ്ദേഹത്തോട് പെരുമാറുക. ഹദ്റത്ത് ഉമറിന്റെ കാലത്ത് ആണ് അദ്ദേഹം വഫാത്തായത്.

ഹദ്റത്ത് സ്വാലിഹ് ശഖ്റാൻ നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ(സ) ഒരു കഴുതപ്പുറത്ത് നമസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. സവാരി ചെയ്യുമ്പോൾ ഒരാൾക്ക് നമസ്കരിക്കാൻ പറ്റുമോ ഇല്ലേ എന്നതും ഒരു (സാധാരണ) വിഷയമാണ്.

ഹദ്റത്ത് മാലിക് ബിൻ ദുഖ്ശം مالک بن دُخشم എന്നും മാലിക് ബിൻ ദഖീശം مالک بن دخیشم എന്നും അറിയപ്പെട്ടിരുന്ന സ്വഹാബിയുടേതാണ് അടുത്ത പരാമർശം. സുഹൈൽ ബിൻ അംറിനെ തടവുകാരനാക്കിയ സന്ദർഭത്തിൽ ഹദ്റത്ത് മാലിക് ചൊല്ലിയ കവിതകളിൽ ഞാൻ സുഹൈലിനെ തടവുകാരനാക്കിയെന്നും ഇനി ഒരു ജനതയിലെയും ഒരാളെയും തടവുകാരനാക്കാൻ ആഗ്രഹിക്കുന്നില്ലെന്നും പറയുന്നുണ്ട്. ഉഹ്ദ് യുദ്ധ ദിവസം 13 മുറിവുകൾ ഏറ്റ ഹദ്റത്ത് ഖാരിജയുടെ അരികിലൂടെ കടന്നുപോകുമ്പോൾ മാലിക് ബിൻ ദഖ്ശം ചോദിച്ചു: മുഹമ്മദ്(സ) കൊല്ലപ്പെട്ടതായി നിങ്ങൾക്കറിയാമോ.? അപ്പോൾ ഖാരിജ പറഞ്ഞു: അങ്ങനെയാണെങ്കിൽപോലും അല്ലാഹു ജീവിച്ചിരിപ്പുണ്ട്; അവൻ മരിക്കില്ല. മുഹമ്മദ്(സ) ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചിരിക്കുന്നു. അതിനാൽ നിങ്ങളുടെ ദീനിനായി പോരാടുക. മറ്റൊരു നിവേദനമനുസരിച്ച്, ഹദ്റത്ത് മാലിക് 12 മാരകമായ മുറിവുകൾ പറ്റിയിരുന്ന സഅ്ദ് ബിൻ റബീഅയുടെ അരികിലൂടെ കടന്നുപോയപ്പോൾ അദ്ദേഹത്തോടും ഇതേ കാര്യം ചോദിച്ചപ്പോൾ സഅ്ദ് ബിൻ റബീഅയും പറഞ്ഞത്, മുഹമ്മദ്(സ) തന്റെ നാഥന്റെ സന്ദേശം എത്തിച്ചിരിക്കുന്നു എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്നാണ്. അതിനാൽ ഇസ്‌ലാമിന് വേണ്ടി പോരാടുക.

കപടവിശ്വാസികളുടെ അഭയകേന്ദ്രമാണ് മാലിക് എന്ന് ചില ആളുകൾ തിരുനബി(സ)യോട് പറഞ്ഞു. തിരുനബി(സ) ചോദിച്ചു: അദ്ദേഹം നമസ്കരിക്കുന്നില്ലേ? നമസ്കരിക്കുന്നുണ്ട് എന്നാൽ അതിൽ ഒരു നന്മയുമില്ലെന്ന് ആളുകൾ പറഞ്ഞു. അപ്പോൾ തിരുമേനി(സ) രണ്ട് പ്രാവശ്യം പറഞ്ഞു: നമസ്കരിക്കുന്നവരെ കൊല്ലുന്നത് എനിക്ക് നിഷിദ്ധമാക്കിയിരിക്കുന്നു.

ഒരു നിവേദനമനുസരിച്ച്, മസ്ജിദ് ളിറാർ പൊളിക്കാൻ പ്രവാചകൻ(സ) ഹദ്റത്ത് മാലിക് ബിൻ ദഖ്ശമിനൊപ്പം ആസിം ബിൻ അദിയെ അയച്ചു. ഇദ്ദേഹത്തിന്റെ തലമുറ മുന്നോട്ട് പോയിട്ടില്ലെന്ന് ആണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

ഇനിയുള്ളത് ഹദ്റത്ത് ഉക്കാശയുടെ പരാമർശമാണ്. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്ത് കാലത്ത് 12 ഹിജ്റയിൽ അദ്ദേഹം ശഹീദായി. ഇമാം ശാഫി പറയുന്നു: സ്വർഗാവകാശിയായിരുന്നിട്ടും, ഭൂമിയിൽ വിനയത്തോടെ നടന്നിരുന്ന ആളായിരുന്നു ഉക്കാശ. ഹിജ്റ 12 ൽ ബദർ യുദ്ധത്തിന് തൊട്ടുപിന്നാലെ, റസൂലുല്ലാഹ്(സ) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജഹ്ശിനെ അയച്ചിരുന്ന ഒരു സൈനീകനീക്കത്തിൽ അദ്ദേഹത്തോടൊപ്പം ഉക്കാശയും ഉണ്ടായിരുന്നു. ഉഹ്ദ് യുദ്ധവേളയിൽ, തിരുനബി(സ) തുടർച്ചയായി അമ്പുകൾ അയയ്ക്കുകയായിരുന്നു, അതിന്റെ ഫലമായി വില്ലിന്റെ ഒരു ഭാഗം ഒടിഞ്ഞു. ഹദ്റത്ത് ഉക്കാശ വില്ല് കെട്ടാൻ ചരട് തിരുനബിയിൽ നിന്നും വാങ്ങി. പക്ഷേ അത് ചെറുതായിരുന്നു. ചരട് നീളം കുറവാണെന്ന് ഉക്കാശ പറഞ്ഞപ്പോൾ അത് വലിക്കാൻ തിരുനബി(സ) പറഞ്ഞു. ഹദ്റത്ത് ഉക്കാശ പറയുന്നു: അല്ലാഹുവാണ്, ഞാൻ ചരട് വലിച്ചപ്പോൾ അത് രണ്ട് മൂന്ന് തവണ കെട്ടുകൾ ഇടാൻ മാത്രം നീണ്ടു.

ഒരു സൈനീക നീക്കത്തിന്റെ വേളയിൽ, പ്രവാചകൻ(സ) മദീനയിൽ ഉള്ള അപകടത്തെക്കുറിച്ച് അറിയിച്ചപ്പോൾ അദ്ദേഹത്തിന് ചുറ്റും കൂടിയ കുതിരപ്പടയാളികളിൽ ഉക്കാശയും ഉണ്ടായിരുന്നു.

അടുത്ത പരാമർശം ഹദ്റത്ത് ഖാരിജ ബിൻ സൈദിനെക്കുറിച്ചാണ്. അബൂസൈദ് എന്ന് വിളിപ്പേരുള്ള ഇദ്ദേഹം മറ്റു ചില സ്വഹാബികളോടൊപ്പം യഹൂദന്മാരോട്, തോറയിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് ചോദിച്ചു. യഹൂദന്മാർ പറയാൻ വിസമ്മതിച്ചു. അതിനെ തുടർന്ന് ഖുർആനിക ആയത്തും അവതരിച്ചു.

അടുത്ത പരാമർശം സിയാദ് ബിൻ ലബീദിന്റേതാണ്. അബൂ അബ്ദുല്ലാഹ് എന്ന് വിളിപ്പേരുള്ള അദ്ദേഹത്തിന്റെ കുടുംബ പരമ്പര മദീനയിലും ബാഗ്ദാദിലും താമസിച്ചിരുന്നു. ഹദ്റത്ത് സിയാദിനെ തിരുനബി(സ) ഒരു സമൂഹത്തിലേക്ക് ദീൻ പഠിപ്പിക്കാൻ അയച്ചു. ഹിജ്റി 41 ൽ ഹദ്റത്ത് മുആവിയയുടെ ഭരണകാലത്ത് അദ്ദേഹം വഫാത്തായുകയുണ്ടായി.

ഇനി ഹദ്റത്ത് ഖാലിദ് ബിൻ ബുകൈറിനെയാണ് പരാമർശിക്കുന്നത്. ബനൂ സഅ്ദ് ഗോത്രത്തിൽപെട്ട ഇദ്ദേഹത്തേയും മതം പഠിപ്പിക്കാനും ഖുർആൻ പഠിപ്പിക്കാനും തിരുനബി(സ) ഒരു സമൂഹത്തിലേക്ക് മറ്റ് അഞ്ച് സ്വഹാബികളോടൊപ്പം അയക്കുകയുണ്ടായി. മതം പഠിക്കാൻ കൂട്ടിക്കൊണ്ടുപോയവർ പിന്നീട് അദ്ദേഹത്തെ കബളിപ്പിച്ച് ശഹീദാക്കുകയുണ്ടായി.

ഹദ്റത്ത് അമ്മാർ ബിൻ യാസിറിന്റെ പരാമർശമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ(സ) ഒരു അടിമയായ അമ്മാറിന്റെ അടുത്ത് പോയി അവന്റെ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചു. ശത്രുക്കൾ താങ്കൾക്കെതിരെ വാക്കുകൾ പറയുന്നതുവരെ എന്നെ മർദിക്കാറുണ്ടെന്ന് അമ്മാർ പറഞ്ഞു. നിങ്ങളുടെ ഹൃദയത്തിൽ എന്താണ് തോന്നിയിരുന്നത് എന്ന് തിരുമേനി ചോദിച്ചു. എന്റെ ഹൃദയത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടെന്ന് അമ്മാർ പറഞ്ഞു. നിങ്ങളുടെ ഹൃദയം വിശ്വാസത്താൽ സംതൃപ്തമാണെങ്കിൽ, സർവശക്തനായ ദൈവം നിങ്ങളുടെ ബലഹീനത ക്ഷമിക്കുമെന്ന് തിരുനബി(സ) പറഞ്ഞു.

ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് കലാപം വർധിക്കുകയും സ്വഹാബികൾക്കും (ഗവർണർമാർക്കെതിരെ) കത്തുകൾ ലഭിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ സ്വഹാബികൾ ഗവർണർമാരെ സംബന്ധിച്ച് ഹദ്റത്ത് ഉസ്മാൻ(റ)നെ അറിയിച്ചു. കൂടിയാലോചനകൾക്ക് ശേഷം, അന്വേഷണത്തിനായി ചില സ്വഹാബാക്കളെ അയച്ചു. എല്ലാവരും പോസിറ്റീവ് റിപ്പോർട്ട് നൽകി. പക്ഷേ അമ്മാറിൽനിന്ന് ഒരു മറുപടിയും ലഭിച്ചില്ല, കാലതാമസം കാരണത്താൽ അദ്ദേഹം കൊല്ലപ്പെട്ടുവെന്ന് കരുതി. എന്നാൽ തന്റെ ലാളിത്യവും രാഷ്ട്രീയത്തിലെ അജ്ഞതയും കാരണം കലാപകാരികളുടെ കെണിയിൽ അകപ്പെട്ടതായിരുന്നു യഥാർത്ഥ കാര്യം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നത്, അമ്മാർ ബിൻ യാസിറിനെ ഒരു പ്രത്യേക കാരണത്താലാണ് ഈ ദുഷ്ടന്മാർ കബളിപ്പിച്ചത്. അദ്ദേഹം ഈജിപ്തിലെത്തിയ ഉടൻ തന്നെ ഈ അക്രമികൾ അദ്ദേഹത്തെ വളയുകയും വാചക കസർത്തുകൾ ഉപയോഗിച്ച് ഈജിപ്തിലെ ആളുകൾക്കെതിരെ പരാതിപ്പെടാൻ തുടങ്ങിയതുമാണ് അതിനു കാരണം. അമ്മാർ ബിൻ യാസിർ തന്റെ ലാളിത്യത്താൽ ഈ പരാതികൾ സാധുവാണെന്ന് അംഗീകരിച്ചു.

സിഫ്ഫീൻ യുദ്ധ വേളയിൽ, ഹദ്റത്ത് അമ്മാർ ബിൻ യാസിറിന്, ഈ രാജ്യദ്രോഹികൾ തന്ത്രം പ്രയോഗിച്ച് കലാപം സൃഷ്ടിച്ചാണ് ഹദ്റത്ത് ഉസ്മാനെ ശഹീദാക്കിയത് എന്ന വസ്തുത മനസ്സിലായി. സിഫ്ഫീൻ യുദ്ധത്തിൽ, അദ്ദേഹം വളരെ ധീരമായി പോരാടി ശഹാദത്ത് വരിക്കുകയുണ്ടായി.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് പറഞ്ഞു: ദുഃഖകരമായ ഒരു വാർത്ത കൂടിയുണ്ട്. കഴിഞ്ഞ ദിവസം ബുർക്കിന ഫാസോയിൽ നമ്മുടെ ഒമ്പത് അഹ്മദികൾ അതിക്രൂരമായ നിലയിൽ ശഹീദായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അവരുടെ വിശ്വാസത്തിന്റെ ഒരു പരീക്ഷണവും കൂടിയായിരുന്നു, അതിൽ അവൻ ഉറച്ചുനിന്നു. എല്ലാവരേയും ഒരുമിച്ച് വെടിയുതിർക്കുകയല്ലായിരുന്നു; ഓരോരുത്തരെയും പ്രത്യേകം വിളിച്ചു ശഹീദാക്കുകയാണുണ്ടായത്. ഇതിന്റെ കുറച്ച് വിവരണങ്ങൾ വന്നിട്ടുണ്ട്; ചിലത് വന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവരെ ഞാൻ അടുത്ത ഖുത്ബയിൽ പരാമർശിക്കുന്നതാണ്. ഇൻശാഅല്ലാഹ്. അല്ലാഹു അവരോട് കരുണചെയ്യുകയും അവരുടെ പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ. അവർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. അവിടെ സ്ഥിതി ഇപ്പോഴും മോശമാണ്. തീവ്രവാദികൾ ഭീഷണിപ്പെടുത്തി പോയിട്ടുണ്ട്. അല്ലാഹു അവിടെയുള്ള അഹ്മദികളെ ഇവരുടെ എല്ലാ ശർറുകളിൽ നിന്നും കാത്തു രക്ഷിക്കട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 13.01.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516